ശ്രീലതയുടെ മരണം

126 [1682] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊന്നാനി സർക്കിളിന്റെ കീഴിലുള്ള വന്നേരി പനമ്പാട് കോടത്ത് സുനിൽകുമാറിന്റെ ഭാര്യ ശ്രീലത ഭർത്തൃവീട്ടിൽ വച്ച് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണകാരണം എന്തെന്നാണ് പോലീസ് സർജൻ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറെ കണ്ട് ചോദിച്ചതിൽ മരണകാരണം തൂങ്ങിമരണം (ഹാങ്ങിംഗ്) ആണെന്ന് പറഞ്ഞിട്ടുള്ളതാണ്.

(സി) ശ്രീലതയുടെ മരണം സംബന്ധിച്ച് പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം 125/05 യു./ സി. അസ്വാഭാവിക മരണം ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ഇനി പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും കൂടുതൽ സാക്ഷികളെ കണ്ട് ചോദ്യം ചെയ്യുന്നതിനും ബാക്കിയുണ്ട്. കേസ് പെരുമ്പടപ്പ് എസ്. ഐ. അന്വേഷണം നടത്തിവരുന്നു.

ഹസീനയുടെ ദുരൂഹമരണം

127 [1683] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിലെ ചിറനെല്ലൂരിലെ കൊട്ടിലുങ്ങൽ ബദറുദീന്റെ ഭാര്യ ഹസീനയുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണകാരണം എന്തെന്നാണ് പോലീസ് സർജൻ രേഖപ്പെടുത്തിയിരിക്കുന്നത്;

(സി) ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഷം ഉള്ളിൽ ചെന്നുള്ള മരണം (ഡെത്ത് ഡ്യൂ റ്റു പോയിസണിംഗ്).

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹസീനയുടെ മരണം സംബന്ധിച്ച് കുന്ദംകുളം പോലീസ് സ്റ്റേഷൻ ക്രൈം 325/05 യു./ എസ്. 498 (എ) ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസിൽ ഉൾപ്പെട്ട പ്രതികളായ ഐഷ, ഷിഹാബുദീൻ എന്നിവർ കോടതിയിൽ നിന്നും ജാമ്യത്തിൽ കഴിഞ്ഞു വരുന്നതും ഭർത്തൃസഹോദരനായ ഷറഫുദീനെ സെക്ഷൻ 201 ഐ. പി. സി. പ്രകാരം കുറ്റം ചെയ്തതിനാൽ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ജമാലുദീൻ എന്നയാളെ അറസ്റ്റ് ചെയ്യേണ്ടതുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

കോമട്ട് മീത്തൽ ബാബുരാജിന്റെ ദുരൂഹമരണം

128 [1684] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുരുവട്ടൂർ പഞ്ചായത്തിലെ കോമട്ട് മീത്തൽ ബാബുരാജിന്റെ ദുരൂഹമരണം സംബന്ധിച്ച് ഏതുവിധ അന്വേഷണമാണ് നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ മരണം കൊലപാതകമാണെന്നും അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നും ആക്ഷൻ കമ്മിറ്റി ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) ബാബുരാജിന്റെ ദുരൂഹമരണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും കണ്ടെത്തിയ വിവരങ്ങൾ എന്താണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചേവായൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 227/02 യു./ സി. അസ്വാഭാവിക മരണം ആയി കേസ് രജിസ്റ്റർ ചെയ്ത് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിൽ ബാബുരാജ് മദ്യലഹരിയിൽ ടിയാന്റെ തറവാട് വീട്ടിലെ കിണറ്റിൽ അബദ്ധവശാൽ വീണ് മുങ്ങി മരണപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ കേസ് എഫ്. എ. ഡി. ആയി കണക്കാക്കി കേസന്വേഷണം അവസാനിപ്പിച്ചിട്ടുള്ളതാണ്.

(ഡി) അന്വേഷണത്തിൽ ബാബുരാജ് മദ്യലഹരിയിൽ ടിയാന്റെ തറവാട്ടു വീട്ടിലെ കിണറ്റിൽ അബദ്ധത്തിൽ വീണതിൽ വച്ച് വെള്ളത്തിൽ മുങ്ങി മരണപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് 22-4-2005-ന് എഫ്. എ. ഡി. (ഫർദർ ആക്ഷൻ ഡ്രോപ്പ്ഡ്) ആയി കണക്കാക്കി കേസന്വേഷണം അവസാനിപ്പിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly